# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2185** | **05.05.2017-ൽ മറുപടിക്ക്**

## വെയിലത്ത് ജോലി എടുക്കുന്ന തൊഴിലാളികളുടെ ജോലി സമയക്രമീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. വിൻസെന്റ്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.ടി.ബൽറാം<br>,, അൻവർ സാദത്ത് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) പകൽ താപനില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ വെയിലത്ത് ജോലി എടുക്കുന്ന തൊഴിലാളികളുടെ ജോലി സമയം ക്രമീകരിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. ലേബർ കമ്മീഷണറുടെ 04.03.2017 തീയതിയിലെ ജി2/4080/2017 നമ്പർ ഉത്തരവ് പ്രകാരം വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ ജോലി സമയം ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. പകൽ താപനില ക്രമാതീതമായി ഉയരുന്നതിനാൽ സൂര്യാഘാതം ഏൽക്കുന്നതിനുള്ള സാഹചര്യം ഉള്ളതുകൊണ്ട് പൊതുജന താൽപ്പര്യം മുൻനിർത്തി 1958-ലെ കേരള മിനിമം വേജസ് ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം സംസ്ഥാനത്തിനുള്ളിൽ വെയിലത്ത് നിന്ന് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2017 മാർച്ച് 04 മുതൽ ഏപ്രിൽ 30 വരെ പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12:00 മുതൽ 3:00 മണി വരെ വിശ്രമവേളയായും ഇവരുടെ ജോലി സമയം രാവിലെ 7:00 മണി മുതൽ വൈകുന്നേരം 7:00 മണി വരെയുള്ള സമയത്തിനുള്ളിൽ എട്ട് മണിക്കൂറായി നിജപ്പെടുത്തിയും രാവിലെയും ഉച്ചയ്ക്ക്ശേഷവും ഉള്ള മറ്റ് ഷിഫ്റ്റുകളിലെ ജോലി സമയം ഉച്ചയ്ക്ക് 12:00 മണിയ്ക്ക് അവസാനിക്കുന്ന പ്രകാരവും വൈകുന്നേരം 3:00 മണിയ്ക്ക് ആരംഭിക്കുന്ന പ്രകാരവും പുന:ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) സർക്കാർ നിർദ്ദേശം ലംഘിക്കുന്ന തൊഴിലുടമകൾക്കെതിരെ എന്ത് നടപടിയാണ് കൈക്കൊള്ളുന്നത്; | (ബി) ടി നിയമ ലംഘനത്തിന് 1948 ലെ മിനിമം വേതന നിയമ പ്രകാരം 6 മാസം തടവോ 500/- രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ്. |

| | |
|---|---|
| (സി) ഇതിനകം ഏതെങ്കിലും തൊഴിലുടമക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ.